"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ്- സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ അസ്സിസ്റ്റന്റ് എൻവിറോണ്മെന്റൽ എൻഞ്ചിനീയർ തസ്തികയിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകി - ഉത്തരവാകുന്നു.

---

**പരിസ്ഥിതി(എ) വകുപ്പ്**

G.O.(Rt) No.27/2023/ENVT  തീയതി,തിരുവനന്തപുരം, 29-04-2023

---

പരാമർശം:-

1. 10.05.2013 ലെ 42/2013/ധന നമ്പർ സർക്കുലർ.
2. 28.11.2013 ലെ സർക്കാർ ഉത്തരവ്(പി) നം. 580/2013/ധന.
3. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാ ന്റെ 28.01.2023, 08.02.2023 എന്നീ തീയതികളി ലെ പി.സി. ബി./ഇ1/1800/2019 നം. കത്ത്.

**ഉത്തരവ്**

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ വിരമിക്കൽമൂലവും, സ്ഥാനക്കയറ്റം ലഭിച്ചത് വഴിയും അസ്സിസ്റ്റന്റ് എൻവിറോൺമെന്റൽ എഞ്ചിനീയർമാരുടെ തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുകയാണെന്നും ഇത് ബോർഡിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ടെന്നും ആയതിനാൽ മേൽ പറഞ്ഞ തസ്തികകളിലേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ അസ്സിസ്റ്റന്റ് എൻവിറോൺമെന്റൽ എഞ്ചിനീയർമാരെ നിയമിക്കുന്നതിനായുള്ള അപേക്ഷ ക്ഷണിച്ചിരുന്നതായും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അറി യി ച്ചിരുന്നു. അപ്രകാരം ലഭ്യമായ അപേക്ഷകരിൽ നിന്നും അഭിമുഖത്തിലൂടെ തിരഞ്ഞെടുത്ത ജീവനക്കാരുടെ പട്ടിക സർക്കാരിൽ സമർപ്പിച്ചിരുന്നു. ഇവരെ അന്യത്ര സേവന വ്യവസ്ഥയിൽ ഒഴിവുള്ള മേൽ തസ്തികയിൽ ബോർഡിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) ലെ കത്ത് പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ സർക്കാരിനോട് അഭ്യർഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ അസ്സിസ്റ്റന്റ് എൻവിറോൺമെന്റൽ എഞ്ചിനീയർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ബോർഡിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്ന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാന്റെ അഭ്യർഥന പരിഗണിച്ച് ചുവടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാരെ പരാമർശം (1) -ലെയും, (2)-ലെയും അന്യത്രസേവന വ്യവസ്ഥകൾ സംബന്ധിച്ച നിബന്ധനകൾക്ക് വിധേയമായി അസ്സിസ്റ്റന്റ്

എൻവിറോൺമെന്റൽ എഞ്ചിനീയർ തസ്തികകയിലേയ്ക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | തസ്തിക/വകുപ്പ് |
|---|---|---|
| 1 | Unnikrishnan.R | Deputy Plant Manager, KMML |
| 2 | Lekha Gopalan | Assistant Engineer, KSRTC |
| 3 | Sajna.K.S | Assistant Engineer,LSGD |
| 4 | Firosmon A.M. | Assistant Engineer, LSGD |
| 5 | Divya M.K. | Assistant Engineer, LSGD |
| 6 | Muhammed Mahad.S | Assistant Engineer, LSGD |
| 7 | Nanthu G.H. | Assistant Engineer, LSGD |
| 8 | Akhil Nath G | Assistant Project Engineer, KLDC |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
L T SANTHOSH KUMAR
ADDITIONAL SECRETARY

പകർപ്പ്:-

1. ചെയർമാൻ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം.
3. ബന്ധപ്പെട്ട വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും (ചെയർമാൻ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം മുഖേന).
4. വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
5. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (എ1/17/2023/Envt).

ഉത്തരവിൻ പ്രകാരം

Signed by
Lalan C R
സെക്ഷൻ ഓഫീസർ
Date: 29-04-2023 16:39:17